**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3154      20/06/2014 ൽ മറുപടിയ്ക്ക്

## കാർഷിക മേഖലയിലെ പഞ്ചായത്ത് വിഹിതം

ചോദ്യം
പ്രൊഫ.സി. രവീന്ദ്രനാഥ്

മറുപടി
**ശ്രീ .കെ.പി.മോഹനൻ**
**(കൃഷിയും മൃഗസംരക്ഷണവും**
അച്ചടിയും സ്റ്റേഷനറിയും
**വകുപ്പു മന്ത്രി)**

| ചോദ്യം | | മറുപടി |
|---|---|---|
| എ) കാർഷിക മേഖലയിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ കഴിഞ്ഞ 3 വർഷങ്ങളിലായി നീക്കിവെച്ച തുകയും, മൊത്തം പദ്ധതി വിഹിതത്തിന്റെ തുകയും കുറഞ്ഞു വരികയാണോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;<br><br>ബി) എങ്കിൽ എന്താണ് കാരണം; കാരണങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കുമോ? | എ) & ബി) | ഇത് സംബന്ധിച്ച് കൃഷി വകുപ്പ് പ്രത്യേകമായി വിലയിരുത്തൽ നടത്തിയിട്ടില്ല. 2012-13 സാമ്പത്തിക വർഷം മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്ന തുകയുടെ കാര്യത്തിൽ സർക്കാർ ചില ഭേദഗതികൾ വരുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉത്തരവ് നം.(എം.എസ്)225/12/ത.സ്വ.ഭ.വ തീയതി 18.08.2012 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗത്തിൽ കൂടുതൽ സ്വാതന്ത്ര്യം അനുവദിച്ചു കൊണ്ട് ഉത്തരവായി. ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും പൊതുവിഭാഗം ഫണ്ടിന്റെ 45% ത്തിൽ കുടാത്ത തുകയും കോർപ്പറേഷനുകൾക്കും, മുനിസിപ്പാലിറ്റികൾക്കും 55%-വും ജില്ലാ പഞ്ചായത്തിനു 50%വും നീക്കിവയ്ക്കുന്നതായി നിഷ്ക്കർഷിച്ചിട്ടുണ്ട്. കൂടാതെ വനിതാഘടക പദ്ധതിയ്ക്ക് 10% തുകയും. കുട്ടികൾ. വൃദ്ധർ, ഭിന്നശേഷിയുള്ളവർ, പാലിയേറ്റീവ് കെയർ. രോഗികൾ മറ്റ് ദുർബല വിഭാഗങ്ങൾ എന്നിവയ്ക്കു വേണ്ടി 5% തുകയെങ്കിലും വികസന ഫണ്ടിൽ നിന്നും നീക്കി വയ്ക്കേണ്ടതാണ് എന്നും ഉത്തരവിൽ നിബന്ധനയുണ്ട്. ബാക്കിതുക മറ്റാവശ്യങ്ങൾക്കായിട്ടാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്. ഇത്തരത്തിൽ ഒരു നിബന്ധനമൂലം കൃഷിയ്ക്കും മറ്റ് അനുബന്ധ മേഖലകൾക്കും ലഭ്യമാക്കുന്ന പദ്ധതി വിഹിതം കുറയുന്നതായി കാണുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**